FRIDAY | 01.02.2024 | വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/03/2024

1. നവ കേരള സദസ്സിന്റെ തുടർച്ചയായി വ്യത്യസ്ത മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് സംവദിക്കുന്നു. മുഖാമുഖം പരിപാടിയുടെ ഭാഗമായുള്ള കർഷക സംവാദം മാർച്ച് 2ന് ആലപ്പുഴ കാംലോട്ട് കൺവെൻഷൻ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കും. സംസ്ഥാനതലത്തിൽ വിവിധ മേഖലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക സംരംഭകർ, കാർഷിക മേഖലയിലെ അക്കാദമിക് സ്ഥാപനങ്ങൾ, കർഷക- കർഷക തൊഴിലാളി സംഘടന പ്രതിനിധികൾ തുടങ്ങിയവരുമായി മുഖ്യമന്ത്രി അന്നേദിവസം സംവദിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ ചേരുന്ന പ്രസ്തുത പരിപാടിയിൽ മത്സ്യബന്ധന- സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി, രാഷ്ട്രീയ പ്രമുഖർ, കൃഷി-കൃഷി അനുബന്ധ മേഖലയിലെ ഉദ്യോഗസ്ഥർ, സാമൂഹിക പ്രവർത്തകർ എന്നിവർ സംബന്ധിക്കുന്നു.

2. എം. എസ്. സ്വാമിനാഥൻ ഗവേഷണനിലയം ഇന്നും നാളെയുമായി (മാർച്ച് 1, 2) 'സുസ്ഥിര കൃഷിക്ക് ആരോഗ്യമുള്ള വിത്തുകൾ' എന്ന സന്ദേശവുമായി എട്ടാമത് വയനാട് വിത്തുത്സവത്തിന് വേദിയൊരുങ്ങുന്നു. വയനാട് ജില്ലാ ആദിവാസി വികസന പ്രവർത്തക സമിതിയും, പരമ്പരാഗത വിത്ത് സംരക്ഷകരുടെ സംഘടനയായ സീഡ് കെയറും, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡും, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലും, ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രവും, കേരള കുടുംബശ്രീ മിഷനും ചേർന്ന് സംഘടിപ്പിക്കുന്ന വിത്തുത്സവത്തിൽ വയനാടിന്റെ തനതു വിത്തു വൈവിധ്യം പ്രദർശിപ്പിക്കുകയും കർഷകർ തങ്ങൾ സംരക്ഷിച്ചുവരുന്ന വിത്തുകൾ

പരസ്പരം കൈമാറികൊണ്ട് വിത്ത് സംരക്ഷണത്തിന്റെ തുടർച്ച ഉറപ്പാക്കുകയും ചെയ്യും. കാർഷിക സെമിനാറുകൾ, വിത്ത് കൈമാറ്റം, കാർഷിക ജൈവൈവിധ്യ അവാർഡ് വിതരണം, ഗവേഷകർക്കുള്ള പോസ്റ്റർ സെഷനുകൾ, സീഡ് തിയേറ്റർ, ഭക്ഷ്യവിളകൾക്ക് വിപണനസാദ്ധ്യത ആരായുന്നതിനായുള്ള കർഷക- വ്യാപാരി സംഗമം, തുടങ്ങി വിവിധ പരിപാടികൾ ആണ് വിത്തുത്സവത്തോടനുബന്ധിച്ച് ഒരുക്കുന്നത്.

3. കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യൂഡോമോണാസ് ഫ്ലൂറസൻസ് (പൊടി ലായനി), ട്രൈക്കോഡർമ, ബ്യൂവേറിയ, ലക്കാനിസിയം, പെസിലോമൈസസ്, ബയോകൺട്രോൾ കോംബി പാക്ക് (പച്ചക്കറി), മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോംബി പാക്ക്, നീം സോപ്പ്, അസോള, വെർമി കമ്പോസ്റ്റ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വിൽപനയ്ക്ക് തയ്യാറാണ്. ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 9747238532, 0487 2699087എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേന്ദ്ര സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംഭ മന്ത്രാലത്തിന് കീഴിലുള്ള എംഎസ്എംഇ- ഡെവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസ് തൃശൂർ ഇന്ന് (മാർച്ച് 1) രാവിലെ 9 മണി മുതൽ വൈകീട്ട് 5.30 വരെ മാനുൽസൺസ് മലബാർ പാലസ്, കോഴിക്കോട് വച്ച് സംരംഭകർക്കായി കയറ്റുമതി വിപണനത്തെക്കുറിച്ചുള്ള ഒരു ദേശീയ ശിൽപശാല സംഘടിപ്പിക്കുന്നു. കയറ്റുമതി സാധ്യതകളെ കുറിച്ച് ചർച്ച ചെയ്യാനും കയറ്റുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെ കുറിച്ചും വിവിധ സർക്കാർ സ്ഥാപങ്ങൾ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് നൽകുന്ന സേവനങ്ങളെ കുറിച്ച് പ്രതിപാദിക്കാനും

ആണ് ഈ ശില്പശാല നടത്തുന്നത്. പങ്കെടുക്കുന്നതിന് ഫീസ് ഇല്ല. മുൻകൂർ രജിസ്ട്രേഷൻ നിർബന്ധമാണ്. രജിസ്ട്രേഷനായുള്ള ലിങ്ക്: https://bit.ly/EXPORT-CLT

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (CeL), കാർഷിക രംഗത്ത് കൃഷിയുടെ മഹത്വത്തെ അടിയാളപ്പെടുത്തുന്ന ഒരു ഹ്രസ്വ ചിത്രത്തിനുള്ള തിരക്കഥ രചന മത്സരം സംഘടിപ്പിക്കുന്നു. ദൃശ്യ-മാധ്യമ ലോകത്ത് കഴിവ് പ്രകടിപ്പിക്കുവാനുള്ള ആവേശകരമായ ഒരു അവസരമാണ്. നമ്മുടെ ദൈനം ദിന ജീവിതത്തിൽ കൃഷിയുടെ പ്രാധാന്യവും മഹത്വവും വിളിച്ചോതുന്ന തരത്തിലുള്ള ഒരു തിരക്കഥയാണ് ലക്ഷ്യമിടുന്നത്. പ്രായഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. തിരക്കഥകൾ സമർപ്പിക്കേണ്ട അവസാന തിയ്യതി 18.03.2024. കൂടുതൽ വിവരങ്ങൾക്ക് 8547837256, 0487 2438567 എന്നീ ഫോൺ നമ്പരുകളിലോ kau.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

**പരിശീലന പരിപാടി**

**6.** മലമ്പുഴ പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയും (മാർച്ച് 1,2) മലപ്പുറം, പാലക്കാട് ജില്ലകളിലെ കർഷകർക്കായി Nursery Management & Plant Propagation Methods എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് പങ്കെടുക്കാൻ അവസരമുണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 04912815912 എന്ന ഫോൺ നമ്പരിൽ രാവിലെ 10 മണിമുതൽ 5 മണി വരെയുള്ള സമയങ്ങളിൽ വിളിക്കാവുന്നതാണ്.

7. മില്ലെറ്റ് അഥവാ ചെറുമണി ധാന്യങ്ങളുടെ വിവിധ ഇനങ്ങളെക്കുറിച്ചും, അവയുടെ കൃഷി രീതികളെക്കുറിച്ചും, അവയിൽ നിന്നുണ്ടാക്കാവുന്ന നൂതന ഉത്പന്നങ്ങളെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

കുറിച്ചുമുള്ള ഏകദിന പരിശീലന പരിപാടി ഇന്ന് (മാർച്ച് 1) രാവിലെ 10 മണി മുതൽ വെള്ളായണി കാർഷിക കോളേജിൽ വച്ച് നടക്കുന്നു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ മുൻഗണന ലഭിക്കുന്നത്. പരിശീലന ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്കും, പേര് രജിസ്റ്റർ ചെയ്യാനുമായി 8891540778, 8075296383 എന്നീ നമ്പറുകളിൽ വിളിക്കുകയോ, വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം